വർദ്ധിച്ചുവരുന്ന ശുദ്ധജല ഉപഭോഗം കണക്കിലെടുത്ത് തൃപ്പൂണിത്തുറ ഓഗ്മെന്റേഷനിൽപ്പെടുത്തി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ശുദ്ധീകരണശാല, പമ്പിംഗ് മെയിൻ, ശുദ്ധജല സംഭരണി എന്നിവയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) 2006 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ചന്ദന മരങ്ങളെക്കുറിച്ചുള്ള പഠനം

68 [3931] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചന്ദനമരങ്ങളുടെ ഗുണമേൻമയെക്കുറിച്ചും മറ്റും സമ്പൂർണ്ണ പഠനം നടത്താൻ വനം വകുപ്പിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി)) സംസ്ഥാനത്തെ ചന്ദനമരങ്ങളുടെ ഗുണമേൻമയെക്കുറിച്ചും മറ്റും ചില പഠനങ്ങൾ നേരത്തേ നടന്നതിനാൽ, ചന്ദനമരങ്ങളുടെ ഗുണമേൻമയെക്കുറിച്ചും മറ്റും ഒരു സമ്പൂർണ്ണ പഠനം നടത്താൻ വനം വകുപ്പ് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

വനംവകുപ്പിന്റെ കീഴിലുള്ള റേഞ്ച് ഓഫീസുകൾ

69 [3932] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിൽ എത്ര റേഞ്ച് ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ റേഞ്ച് ഓഫീസുകളുടെ പേര്, ഓഫീസ് നിൽക്കുന്ന സ്ഥലം എന്നിവ വെളിപ്പെടുത്താമോ;

(സി) ഓരോ റേഞ്ച് ഓഫീസുകളുടെയും പരിധിയിൽ എത്ര വില്ലേജ് ഓഫീസുകളുണ്ടെന്ന് വിശദമാക്കാമോ;

(ഡി) കണ്ണവം റേഞ്ച് ഓഫീസിലെ നിലവിലുള്ള തസ്തികകൾ എത്ര എന്നും എത്ര ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 102 ടെറിട്ടോറിയൽ/ വൈൽഡ് ലൈഫ് റെയിഞ്ച് ഓഫീസുകളാണ് വനം വകുപ്പിന്റെ കീഴിലുള്ളത്.

GPM. 2/257/2012.—15

LIBRARY ARCHIVES Kerala Legislative Assembly

(ബി) (1) തളിപ്പറമ്പ് റെയിഞ്ച്-ആസ്ഥാനം-പുളിമ്പറമ്പ്
(2) കണ്ണവം റെയിഞ്ച്- ആസ്ഥാനം-കണ്ണവം
(3) കൊട്ടിയൂർ റെയിഞ്ച്- ആസ്ഥാനം-ഇടയാർ
(4) ആറളം- ആസ്ഥാനം-വളയഞ്ചാൽ

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി)

ഫോറസ്റ്റ് റെയിഞ്ചർ	..	1
ഡെപ്യൂട്ടി റെയിഞ്ചർ	..	1
ഫോറസ്റ്റർ	..	5
ക്ലാർക്ക്	..	2
പ്യൂൺ	..	1
ഫോറസ്റ്റ് ഗാർഡ്	..	12
റിസർവ്വ് ഫോറസ്റ്റ് വാച്ചർ	..	2
പാർട്ട് ടൈം സ്വീപ്പർ	..	1

റിസർവ്വ് ഫോറസ്റ്റ് വാച്ചറുടെ രണ്ടു ഒഴിവുകൾ നിലവിലുണ്ട്.

വനംവകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനം

70 [3933] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനംവകുപ്പിൽ എത്ര അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഒഴിഞ്ഞു കിടക്കുന്നു എന്നു വെളിപ്പെടുത്തുമോ;

(ബി) പ്രൊബേഷൻ കഴിയാത്ത സീനിയർ സൂപ്രണ്ടുമാരുടെ കുറവുമൂലം ആണോ ഇപ്രകാരം ഒഴിവുവന്നത് എന്നു വ്യക്തമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷനു വേണ്ടി ഡി. പി. സി. അംഗീകരിച്ച എത്ര സീനിയർ സൂപ്രണ്ടുമാർ ഇപ്പോൾ ഉണ്ട് എന്നറിയിക്കാമോ;

(ഡി) ഇവർക്ക് അടിയന്തിരമായി പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനംവകുപ്പിൽ പന്ത്രണ്ട് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ ഉള്ളതിൽ അഞ്ചു തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(ബി) പ്രൊബേഷൻ പൂർത്തിയാക്കിയ സീനിയർ സൂപ്രണ്ടുമാരുടെ അഭാവം മൂലമാണ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly